# പതിനാലാം കേരള നിയമസഭ

## പതിനാലാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2498** **07/02/2019-ൽ മറുപടിയ്ക്ക്**

## സഹകരണ ബാങ്കുകൾക്ക് നബാർഡ് അനുവദിച്ചിട്ടുള്ള പലിശയിളവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഒ. രാജഗോപാൽ** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരളത്തിലെ സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പയെടുത്ത് കുടിശ്ശികയില്ലാതെ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് കേന്ദ്ര സർക്കാർ നബാർഡ് വഴി അനുവദിച്ചിട്ടുള്ള മൂന്ന് ശതമാനം പലിശയിളവ് ജില്ലാസഹകരണ ബാങ്കുകൾക്ക് 2015-16, 2016-17, 2017-18 വർഷങ്ങളിൽ നബാർഡിൽ നിന്നും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുവദിച്ച് നൽകിയ തീയതി വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പയെടുത്ത് കുടിശ്ശികയില്ലാതെ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് നബാർഡ് വഴി 2015-16, 2016-17 വർഷങ്ങളിൽ സംസ്ഥാന സഹകരണ ബാങ്കിന് ലഭിച്ച മൂന്ന് ശതമാനം പലിശയിളവ് ജില്ലാ സഹകരണ ബാങ്കുകൾക്ക് യഥാക്രമം 30.10.2017, 20.08.2018 എന്നീ തീയതികളിൽ ലഭ്യമാക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ നബാർഡിൽ നിന്നും തുക ലഭിച്ചിട്ടില്ല. |
| (ബി) | മേൽപ്പറഞ്ഞ മൂന്ന് ശതമാനം പലിശയിളവ് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് പ്രസ്തുത വർഷങ്ങളിൽ വിതുര സർവ്വീസ് സഹകരണ ബാങ്കിന് (നമ്പർ 1048) അനുവദിച്ച് നൽകിയിട്ടുണ്ടോ; നൽകിയിട്ടുണ്ടെങ്കിൽ അനുവദിച്ച് നൽകിയ തീയതി വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത മൂന്ന് ശതമാനം പലിശയിളവ് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ നിന്നും വിതുര സർവ്വീസ് സഹകരണ ബാങ്കിന് യഥാക്രമം 01.12.2017, 09.10.2018 എന്നീ തീയതികളിൽ നൽകിയിട്ടുണ്ട്. 2017-18 ലെ തുക നബാർഡിൽ നിന്നും അനുവദിച്ച് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ